ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 9    ലക്കം : 7

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122   വൈദിക സൗരമാസം : തപസ്–തപസ്യ
ചാന്ദ്രമാസം : പൗഷം–മാഘം കൊല്ലവർഷം 1196 മകരം–കുംഭം 2021 ജനുവരി

വാർഷിക വരിസംഖ്യ : ₹ 100/-    ദീർഘകാലം : ₹ 1500/-



**ലാലാ ലജ്പത്റായ് (1865 – 1928)**

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ജനുവരി 3 : വീരപാണ്ഡ്യകട്ടബൊമ്മൻ ജന്മദിനം
ജനുവരി 12 : സ്വാമിവിവേകാനന്ദ ജയന്തി
ജനുവരി 20 : വീരഹക്കീക്കത് റായ് രക്തസാക്ഷിദിനം
ജനുവരി 23 : നേതാജി സുഭാഷ്ചന്ദ്രബോസ് ജന്മദിനം
ജനുവരി 26 : ഭാരത ഗണതന്ത്ര ദിനം
ജനുവരി 28 : ലാലാ ലജ്പത്റായ് ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 11**

**മധുച്ഛന്ദാ ഋഷിഃ|ഇന്ദ്രോ ദേവതാ|ഭുരിഗുഷ്ണിക് ഛന്ദഃ|**
**ഗാന്ധാരഃ സ്വരഃ||**

**ഇന്ദ്രം വിശ്വാ അവീവൃധന്ത്സമുദ്രവ്യചസം ഗിരഃ।**

**രഥീതമം രഥീനാം വാജാനാം സത്പതിം പതിമ് ॥**

**(ഋഗ്വേദം 1.11.1)**

**പദാർഥം :-** ഞങ്ങളുടെ ഈ (വിശ്വാഃ) എല്ലാ (ഗിരഃ) സ്തുതികളും (സമുദ്രവ്യചസമ്) ആകാശത്തിൽ തന്റെ വ്യാപകതയാൽ പരിപൂർണ്ണനായ ഈശ്വരൻ, അഥവാ തോണി തുടങ്ങിയ പൂരണ സാമഗ്രികളാൽ ശത്രുക്കളെ ജയിക്കുന്ന മനുഷ്യൻ (രഥീനാമ്) വലിയ യുദ്ധങ്ങളിൽ വിജയം പ്രാപിപ്പിക്കുന്നവരും അഥവാ പ്രാപിക്കുന്നവരും (രഥീതമമ്) ആരിലാണോ പൃഥിവീ തുടങ്ങിയ രഥങ്ങൾ, അതായത് എല്ലാ ക്രീഡകളുടെയും സാധനങ്ങൾ, അതേപോലെ ആർക്കാണോ യുദ്ധസാമഗ്രികളായി വലിയ രഥങ്ങൾ ഉള്ളത് (വാജാനാമ്) ആരെല്ലാമാണോ ജയ-പരാജയങ്ങളെ നല്ലപ്രകാരത്തിൽ പ്രാപിപ്പിക്കുന്നത്, അവർക്കിടയിൽ (സത്പതിമ്) വിനാശരഹിതമായ പ്രകൃതി തുടങ്ങിയ ദ്രവ്യങ്ങളെ പരിപാലിക്കുന്ന ഈശ്വരൻ, അഥവാ സത്പുരുഷന്മാരുടെ രക്ഷകനായ മനുഷ്യൻ (പതിമ്) ചരാചര ജഗത്തിന്റെയും പ്രജകളുടെയും സ്വാമി, അഥവാ സജ്ജനങ്ങളെ രക്ഷിക്കുന്ന (ഇന്ദ്രമ്) വിജയത്തെ പ്രദാനം ചെയ്യുന്ന പരമേശ്വരന്റെയും, അഥവാ ശത്രുക്കളെ വിജയിക്കുന്ന ധർമ്മാത്മാവായ മനുഷ്യന്റെയും (അവീവൃധൻ) ഗുണാനുവാദങ്ങൾ നിത്യം വർധിപ്പിക്കട്ടെ.

**ഭാവാർത്ഥം :** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരമാണുള്ളത്.എല്ലാ വേദവാണികളും പരമൈശ്വര്യയുക്തനും, എല്ലാറ്റിലും വർത്തിക്കുന്നവനും, എല്ലായിടത്തും രമിക്കുന്നവനും, സത്യസ്വഭാവയുക്തനും അതേപോലെ ധർമ്മാത്മാക്കളായ സജ്ജനങ്ങൾക്ക് വിജയത്തെ പ്രദാനം ചെയ്യുന്നവനുമായ പരമേശ്വരനെയും, ധർമ്മത്താലോ അഥവാ ബലത്താലോ ദുഷ്ടമനുഷ്യരെ വിജയിക്കുന്നവരെയും അതുപോലെ ധർമ്മാത്മാക്കളെയും സജ്ജനരായ മനുഷ്യരേയും രക്ഷിക്കുന്ന മനുഷ്യനെയും പ്രകാശിപ്പിക്കുന്നു. ഇപ്രകാരം പരമേശ്വരൻ വേദവാണിയാൽ എല്ലാ മനുഷ്യർക്കും ആജ്ഞ നൽകുന്നു.

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)** (തുടരും)

---

അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)

ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 7

സൃഷ്ടി സംവത്സരം 1972949122 കലിവർഷം 5122 വൈദിക സൗരമാസം : തപസ്-തപസ്യ

ചാന്ദ്രമാസം : പൗഷം- മാഘം, കൊല്ലവർഷം : 1196 മകരം-കുംഭം 2021 ജനുവരി



രക്ഷാധികാരി
സ്വാമി ആശുതോഷ്ജി പരിവ്രാജക്
പത്രാധിപർ : കെ.എം. രാജൻ
ഉപദേശക സമിതി
ആചാര്യ വാമദേവ് ആര്യ
വി. ഗോവിന്ദദാസ്
പത്രാധിപ സമിതി : കെ.കെ. ജയൻ,
എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ
വ്യവസ്ഥാപകൻ: പി. ശ്രീജേഷ്


താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| വേദപുഷ്പങ്ങൾ | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| ഗോകരുണാനിധി | 12 |
| മാപ്പിള | 13 |
| ഹിന്ദുസംഘടന എന്തുകൊണ്ട്? | 14 |
| ഋഗ്വേദത്തിന്റെ ഋക്സംഖ്യ | 15 |
| ദേശീയ വിദ്യാഭ്യാസ നയം | 16 |
| Dayananda The Great | 18 |
| വാർത്തകൾ | 19 |



വിലാസം
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesam@gmail.com
Vist Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആരാണ് ഈശ്വരൻ (തുടർച്ച)

## ദൈവം ഇസ്ലാമിക വീക്ഷണത്തിൽ



ക്രിസ്ത്യാനികളെപ്പോലെ ഇസ്ലാം മതവിശ്വാസികളും തങ്ങളുടെ മതം മാത്രമാണ് സത്യമതം എന്നു വിശ്വസിക്കുന്നവരാണ്. എല്ലാ മതവിശ്വാസികളും അള്ളാഹു അക്ബർ (ദൈവം മഹാനാണ്, ദയാലുവാണ്, ന്യായകാരിയാണ്) തുടങ്ങിയ ഇസ്ലാമിക വീക്ഷണങ്ങളോട് യോജിക്കുന്നവരാണ്. എന്നാൽ അമുസ്ലീങ്ങൾ കരുതുന്നത് മുഹമ്മദ് അടുത്ത കാലത്ത് വന്ന അവസാനത്തെ പ്രവാചകനാണെന്ന ഇസ്ലാമികവാദത്തെയും (മുസ്ലീങ്ങൾക്കിടയിലെ പ്രമുഖ വിഭാഗമായ സുന്നി - ഷിയ വിഭാഗങ്ങൾ ഇപ്രകാരം വിശ്വസിക്കുന്നുണ്ട്) ഖുറാൻ ആണ് പരമസത്യമായ അവസാനത്തെ ദൈവത്തിന്റെ വെളിപാട് എന്ന വാദത്തെയും അംഗീകരിക്കുന്നില്ല.

അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)
ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

മുഹമ്മദ് അന്ത്യപ്രവാചകനാണെന്ന് അംഗീകരിച്ചാൽ സർവ്വജ്ഞനും സർവ്വശക്തനുമായ ദൈവം മുഹമ്മദിനു മുമ്പുള്ളവർക്ക് പരിമിതമായ ആത്മീയ അറിവേ നൽകിയുള്ളു എന്ന കുറവ് വരും. ഇനി ദൈവം ക്രമത്തിലാണ് മുഹമ്മദിനു മുമ്പുള്ള പ്രവാചകർക്ക് (ആദം, അബ്രഹാം, മുസ്സ(മോശ) യേശു തുടങ്ങിയവർക്ക്) എന്ന വാദം അംഗീകരിച്ചാൽ സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവത്തിന്റെ ക്രമപ്രകാരമുള്ള ജ്ഞാനോപദേശം നൽകാനുള്ള കഴിവ് മുഹമ്മദിനു ശേഷം നിലച്ചു പോയി എന്നാണോ? ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സത്യങ്ങൾ ഖുറാനിൽ പറയുന്നവയൊഴിച്ചുള്ളതെല്ലാം തെറ്റിദ്ധരിപ്പിക്കുന്നതും വ്യർത്ഥവുമാണോ? സർവ്വശക്തനായ ഈശ്വരന്റെ കഴിവുകൾ അനന്തമാണ്. ആവശ്യം വരുമ്പോഴൊക്കെ അദ്ദേഹം മഹാപുരുഷന്മാരെ ലോകോപകാരാർത്ഥം സൃഷ്ടിക്കും. ഇസ്ലാം വിശ്വാസികൾ അവകാശപ്പെടുന്നതിനു വിരുദ്ധമായി ഈ പ്രക്രിയ നടന്നുകൊണ്ടേയിരിക്കും.

ഖുറാൻ ആണ് ഏറ്റവും അവസാനവാക്കും ദൈവത്തിന്റെ അവസാനത്തെ അരുളപ്പാടുമെന്നതിന് എന്താണ് പ്രമാണമായിട്ടുള്ളത്? മറിച്ച്, ഖുറാൻ പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും ഏതാനും കാര്യങ്ങളെ അംഗീകരിക്കുന്നുണ്ട്. ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും ദൈവം നിരവധി പ്രവാചകരിലൂടെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എങ്കിലും അതേ സമയം ജൂതർ മതഗ്രന്ഥങ്ങളിൽ കലർപ്പുകൾ വരുത്തി ദൈവത്തിന്റെ ആജ്ഞകളെ അനുസരിക്കാതിരിക്കുന്നുവെന്നും ക്രിസ്ത്യാനികൾ ദൈവത്തെ മാത്രം ആരാധിക്കണമെന്ന ദൈവ നിർദേശം തള്ളി ദൈവപുത്രനായ യേശുവിനെ ആരാധിക്കുന്നതിന് കുറ്റപ്പെടുത്തുന്നുമുണ്ട് ( സൂറ 5:12-18) ഖുറാൻ പറയുന്നു മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനാണെന്ന് (സൂറ 3:144, 5:19). എന്നാൽ അതേസമയം ഇസ്ലാമിക വിശ്വാസപ്രകാരം അബ്രഹാമിന് പണ്ട് ദൈവം നൽകിയ വെളിപാടുകളിലെ തെറ്റുകൾ തിരുത്തുകയായിരുന്നു മുഹമ്മദിന്റെ ഉദ്ദേശ്യം. എന്തെന്നാൽ ഖുറാൻ ദൈവത്തിന്റെ അവസാനത്തെ വെളിപാടും ആജ്ഞയുമാണെന്ന് പറയുന്നു (സൂറ 18:27,32:1, 98:1-5). അതിനാൽ സുന്നികൾ മുഹമ്മദ് അവസാനത്തെ പ്രവാചകനാണ് എന്നു വിശ്വസിക്കുന്നു. (തുടരും)

ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)
മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.

(മുൻലക്കത്തിന്റെ തുടർച്ച)



# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## 4. വേദവിഷയവിചാരഃ

**ഭാഷാർത്ഥം:** അവയിൽ രണ്ടാമത്തേത് കർമ്മകാണ്ഡവിഷയമാണ്. അവ ക്രിയാപ്രധാനമായതാണ്. ഇവയില്ലാതെ വിദ്യാഭ്യാസവും ജ്ഞാനവും പൂർണ്ണമാവില്ല. എന്തെന്നാൽ മാനസികയോഗം പുറത്തെക്രിയകളിലും ആന്തരികവ്യവഹാരങ്ങളി ലും സദാ നിലകൊള്ളുന്നു. ഇത് പലപ്രകാരത്തിലുണ്ട്. എന്നാൽ ഇതിൽ രണ്ടുമുഖ്യ മായ വ്യത്യാസങ്ങളുണ്ട്. ആദ്യത്തേത് പാരമാർത്ഥികവും മറ്റൊന്ന് ലോകവ്യാവ ഹാരികവും. അതായത് ആദ്യത്തേത് പാരമാർത്ഥികവും രണ്ടാമത്തേതു കൊണ്ട് ലോകവ്യാവഹാരികസിദ്ധി നേടേണ്ടതുണ്ട്. ആദ്യത്തേതിന് പരമപുരുഷാർത്ഥമെ ന്നു പറഞ്ഞു. അതിൽ പരമേശ്വരന്റെ സർവ്വശക്തിമത്വാദി ഗുണങ്ങളുടെ കീർത്ത നവും ഉപദേശവും ശ്രവിക്കുകയും (പ്രാർത്ഥന) അതായത് ഏതൊരു ക്രിയ ചെയ്ത് ഈശ്വരനിൽ നിന്ന് സഹായം ആഗ്രഹിക്കുക. (ഉപാസന) അതായത് ഈശ്വരന്റെ സ്വരൂപത്തിൽ മഗ്നനായികൊണ്ട് ഈശ്വരന്റെ സത്യഭാഷണാദി ആജ്ഞകളെ യഥാവിധി പാലിക്കുക. ഉപാസന വേദത്തിലും പാതഞ്ജല യോഗശാസ്ത്രത്തിന്റെ രീതിയിലും ചെയ്യേണ്ടതാണ്. അതേപോലെ ധർമ്മത്തിന്റെ സ്വരൂപം ന്യായാചരണമാണ്. 'ന്യായാചരണം' എന്നു പറയുന്നത് പക്ഷപാ തരഹിതവും സർവ്വപ്രകാരത്തിലും സത്യത്തെ ഗ്രഹിക്കലും അസത്യത്തെ ത്യജിക്കലുമാവുന്നു. ഈ ധർമ്മത്തിന്റെ ജ്ഞാനവും അനുഷ്ഠാനവും യഥാവിധി ചെയ്യേണ്ടതാണ്. ഇതുതന്നെയാണ് കർമ്മകാണ്ഡത്തിന്റെ പ്രധാനഭാഗം. രണ്ടാമത്തേത് നേരത്തെ പറഞ്ഞ അർത്ഥകാമങ്ങളും അവ നേടുന്നതിനു വേണ്ട സാധനങ്ങളുടെ പ്രാപ്തിയുമാണ്.

അതിനാൽ ഈ വ്യത്യാസത്തെ ഇപ്രകാരം അറിയേണ്ടതാണ്. മോക്ഷമെന്നാൽ എല്ലാ ദുഃഖങ്ങളിൽ നിന്നും മോചിതനായി പരമേശ്വരന്റെ പ്രാപ്തിക്കായി ധർമ്മയുക്തമായ സുഖകർമ്മങ്ങളും യഥാവിധി ചെയ്യുക. ഇതിന് നിഷ്കാമമാർഗമെന്നു പറയുന്നു. എന്തെന്നാൽ ഇതിൽ ലൗകിക വിഷയങ്ങളെ ക്കുറിച്ച് ആഗ്രഹമുണ്ടാവില്ല. അതിനാൽ ഇതിന്റെ ഫലം അക്ഷയമാണ് (നാശമില്ലാത്തതാണ്). ഏതാണോ ലൗകികഭോഗങ്ങളെ ആഗ്രഹിച്ചുകൊണ്ട് ധർമ്മയുക്തമായ കാര്യങ്ങളെ ചെയ്യുന്നത് അതിനെ സകാമമെന്നു പറയും. ഇക്കാരണത്താൽ ഇതിന്റെ ഫലം നശിക്കുന്നതാണ് (അധികകാലം നീണ്ടു നിൽക്കുന്നതല്ല). എന്തെന്നാൽ എല്ലാ കർമ്മങ്ങളും ചെയ്ത് ഇന്ദ്രിയഭോഗപ്രാപ്തി നേടി ജനന- മരണങ്ങളിൽ നിന്ന് മുക്തനാവാൻ കഴിയില്ല.

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

## അധ്യായം : 1 മനുസ്മൃതിയുടെ മഹത്ത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)

ഇവിടെ മനുവിന്റെയും മനുസ്മൃതിയുടെയും പ്രശംസ, പ്രഭാവം എന്നീ വിഷയങ്ങളെ എതാനും വിദേശീയർ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.

### (കാ) ചൈനയിൽ നിന്ന് ലഭിച്ച പുരാതാത്വിക പ്രമാണങ്ങൾ

ചൈനീസ് ഭാഷയിലുള്ള കയ്യെഴുത്തു പ്രതികളിൽ വൈദേശിക പ്രമാണങ്ങളോടുകൂടിയ മനുസ്മൃതിയുടെ മൗലികസ്വരൂപത്തേയും അതിന്റെ കാലത്തേയും സംബന്ധിച്ച വിശേഷപ്പെട്ട ഒരു വിവരണം ലഭിക്കുന്നുണ്ട്. 1932ൽ ഒരു ബോംബ് സ്ഫോടനത്തിലൂടെ ചൈനയിലെ ഐതിഹാസികമായ മതിൽ തകർത്തപ്പോൾ അവിടെനിന്ന് ഇരുമ്പുകൊണ്ടുള്ള ഒരു പെട്ടി കിട്ടി. അത് ചൈനീസ് ഭാഷയിലുള്ള പ്രാചീന പാണ്ഡുലിപിയിലുള്ള പുസ്തകങ്ങൾ കൊണ്ടു നിറഞ്ഞതായിരുന്നു. സർ ഓഗിറ്റ്സ് ഫ്രിറ്റ്സ് ജോർജിനാണ് (Sir Augist frits George) അത് ലഭിച്ചത്. അദ്ദേഹമത് ലണ്ടനിൽ കൊണ്ടുവന്ന് ബ്രിട്ടീഷ് മ്യൂസിയത്തിൽ വെച്ചു. പ്രൊ.ആന്റണി ഗ്രേം (Prof. Antony Graeme) ചൈനീസ് ഭാഷ വിദഗ്ധരെക്കൊണ്ട് അത് വായിപ്പിച്ചു. അതിൽനിന്നു ലഭിച്ച വിവരമനുസരിച്ച് ചൈനയിലെ രാജാവായിരുന്ന ചിൻ ഇസ് വാംങ് (Chin-ize - Wang) തന്റെ ഭരണകാലത്ത് ചൈനീസ് സംസ്കാരത്തിന്റെ എല്ലാ പ്രമാണങ്ങളും ഇല്ലാതാക്കുന്നതിനു വേണ്ടി എല്ലാ പ്രാചീനഗ്രന്ഥങ്ങളും നശിപ്പിച്ചു കളയാൻ ഉത്തരവിട്ടു. എന്നാൽ അറിവിനെ പ്രേമിക്കുന്ന ഒരാൾ കുറച്ചു പുസ്തകങ്ങൾ ഒരു പെട്ടിയിലാക്കി ചൈനയിലെ വൻമതിലുണ്ടാക്കുന്ന സമയത്ത് അതിനിടയിൽ കുഴിച്ചിട്ടു. (തുടരും)

ഈശാവാസ്യമിദം സർവ്വം (യജു. 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

(മുൻലക്കത്തിന്റെ തുടർച്ച)



# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

## ശ്രദ്ധാസൂക്തം (തുടർച്ച)

**ഭാവാർത്ഥം:** തങ്ങളുടെ ദൈവീശക്തിയുടെ ഉപയോഗത്താൽ ഉപദേശം തുടങ്ങിയവകൊണ്ട് ക്രൂരരായ ദുഷ്ടജനങ്ങളെ പ്രേരിതരാക്കി അവരെ യഥാർത്ഥമാർഗ്ഗത്തിൽ കൊണ്ടുവരിക എന്നത് ജീവൻമുക്തരായ ഉൽകൃഷ്ടപണ്ഡിതർക്ക് ഉചിതമായ കാര്യമാണ്. ഇപ്രകാരം ചെയ്യുന്നതിൽ അവർ സഫലരായിത്തീരട്ടെ. അതുപോലെ ഭോജനം നൽകുന്നവർക്കും യജ്ഞം ചെയ്യിക്കുന്ന യജമാനൻമാർക്കും തങ്ങളുടെ ഹാർദ്ദവമായ ആശീർവാദം നൽകി അവർക്ക് മംഗളം നൽകിയാലും.

കാമായനീ ശ്രദ്ധാ ഋഷിഃ । ശ്രദ്ധാ-ദേവതാ।
അനുഷ്ടുപ് ഛന്ദഃ । ഗാന്ധാരഃ സ്വരഃ ॥

ശ്രദ്ധാം ദേവാ യജ്മാനാ വായുഗോ്പാ ഉപാ്സതേ
ശ്രദ്ധാം ഹൃദയ്യാകൂത്യാ ശ്രദ്ധയാ വിന്ദതേ വസു ॥

(ഋഗ്വേദം 10.151.4)

**അന്വയാർത്ഥം:** (ദേവാഃ) മുമുക്ഷുക്കളായ വിദ്വാന്മാർ (ഹൃദയ്യയാ-ആകൂത്യാ) ഹൃദയസ്ഥ അഹങ്കൃതിയാൽ (സങ്കൽപ്പവൃത്തിയാൽ) (ശ്രദ്ധാമ്) നല്ല ഇച്ഛകളെ പൂർണ്ണമാക്കുന്ന (യജമാനാഃ) യജനശീലന്മാർ (വായുഗോപാഃ) പ്രാണായാമങ്ങളാൽ ഹോമസുഗന്ധികളാലും ശക്തനായ വായു ആരുടേയാണോ രക്ഷകനായിട്ടുള്ളത് അങ്ങനെയുള്ള മനുഷ്യർ നല്ല ഇച്ഛകളെ പൂർണ്ണമാക്കുന്നു. അവർ (ശ്രദ്ധയാ വസു വിന്ദതേ) നല്ല ഇച്ഛയാൽ വസിക്കുന്ന ധനത്തെ പ്രാപിക്കുന്നു.

**ഭാവാർത്ഥം:** മുമുക്ഷുക്കളായവർ ഹൃദയത്തിൽ സ്ഥിതമായ സങ്കല്പ വൃത്തിയാൽ തങ്ങളുടെ നല്ല ആഗ്രഹങ്ങളെ പൂർണ്ണമാക്കുന്നു. യജ്ഞം ചെയ്യുന്നവർ സുഗന്ധിതവായുവിനെ ശ്വസിച്ചുകൊണ്ട് ആരോഗ്യ സംബന്ധമായ നല്ല ആഗ്രഹങ്ങളെ പൂർണ്ണമാക്കുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി

തർജ്ജമ : കെ. എം. രാജൻ

**അതോടൊപ്പം യുധിഷ്ഠിരൻ ഇങ്ങനെയും പറയുന്നുണ്ട്.**

**ന മേ വാഗനൃതം പ്രാഹ നാധർമ്മേ ധീയതേ മതിഃ ।**

**ഏവം ചൈവ വദത്യംബാ മമ ചൈതൻമനോഗതമ് ॥**

**(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195. ശ്ലോകം 30)**

**മഹാരാജാവായ യുധിഷ്ഠിരൻ പറയുന്നു -**

**ഭാവാർത്ഥം :** എന്റെ വാണി ഒരിക്കലും അസത്യമാവില്ല. മാത്രവുമല്ല എന്റെ ബുദ്ധിയിൽ ഒരിക്കലും അധർമ്മം വരികയുമില്ല. ഞങ്ങളുടെ അമ്മയും സദാ വേദാനുസാരമായി പ്രവർത്തിക്കാനാണ് ആജ്ഞ നൽകാറുള്ളത്. വേദവിരുദ്ധമായല്ല. എന്റെ മനസ്സിലും ഇതാണ് ശരിയായി തോന്നുന്നത്.

മഹാഭാരതത്തിൽ ഒരു സ്ഥലത്ത് മാത്രമല്ല അനേകം ഇടങ്ങളിൽ ഇപ്രകാരമുള്ള വചനങ്ങൾ കാണാനാകും. താൻ സത്യത്തിന്റെയും ധർമ്മത്തിന്റെയും മാർഗം അവലംബിക്കുന്നവനാണെന്ന് യുധിഷ്ഠിരൻ പറയുന്നുണ്ട്. എപ്രകാരമെന്നാൽ -

**നമോ വാഗനൃതം പ്രാഹ നാധർമ്മേ ധീയതേ മതിഃ ।**

**വർത്തതേ ഹി മനോ മേƒത്ര, നൈഷോƒധർമ്മഃ കഥംചന ॥**

**(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 195, ശ്ലോകം13)**

യുധിഷ്ഠിരൻ പറയുന്നതു നോക്കിയാലും

**ഭാവാർത്ഥം :** എന്റെ വാണി ഒരിക്കലും അസത്യം പറയുകയില്ല എന്റെ ബുദ്ധി ഒരിക്കലും അധർമ്മത്തിൽ ലീനമാവില്ല. എന്നാൽ ഈ വിവാഹത്തിന് എന്റെ മനസ്സു പറയുന്നു. അതിനാൽ ഇതിൽ ഒരു പ്രകാരത്തിലുള്ള അധർമ്മവുമില്ല.

ഭീമസേനനും ഹിഡിംബയും തമ്മിലുള്ള വിവാഹം നേരത്തെ നടന്നിരുന്നു. അതിൽ ഭീമസേനന് ഘടോൽകചൻ എന്നൊരു പുത്രനുണ്ടായിരുന്നു. ഈ സ്ഥിതിയിൽ താനും ഭീമസേനനും അവിവാഹിതിരാണ് എന്ന് യുധിഷ്ഠിരൻ എങ്ങനെ അസത്യം പറയും?.

വ്യാസന്റെ ആഗമനവും അദ്ദേഹത്തിന്റെ നാമത്തിൽ വൈരുദ്ധ്യം നിറഞ്ഞ കഥകളെ പറയിപ്പിക്കൽ അതിലൊരു കഥയിൽ ഒരു യുവതിയുടെ കരച്ചിലും അവരുടെ കണ്ണുനീർ തുള്ളികളിൽ നിന്ന് താമരയുണ്ടാവുക എന്നിവയെല്ലാം വിചിത്രങ്ങളാണ്.

അതോടൊപ്പം ഇന്ദ്രൻ ഈ താമര എവിടെ നിന്ന് വരുന്നു എന്ന് അന്വേഷിച്ചു പോവുക തുടങ്ങിയവ കെട്ടുകഥകളാണ്.

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**

**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**

(മുൻലക്കത്തിന്റെ തുടർച്ച)



# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"ഞങ്ങളെപ്പോലുള്ള മായാഗ്രസ്തരെക്കൂടി ഉയരത്തിലേക്ക് ജ്യോതിർദാമിലേക്ക് നയിക്കാനുള്ള ശുദ്ധധർമ്മപ്രാപ്തി അങ്ങേക്ക് ഉണ്ടാവട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഞാനൊന്നു കുളിച്ചൊരുങ്ങി വരാം. എന്നിട്ട് ലഘുഭക്ഷണം കഴിച്ച് നമുക്ക് പുറത്തൊന്നുചുറ്റിവരാം." പത്മനാഭൻ നായർ അർജ്ജുനന് കൃഷ്ണനെന്നോണം ജീവിതായോധനത്തിനു പ്രോത്സാഹനം പകർന്നുകൊടുത്തു.

പത്മനാഭൻനായർ കുളിച്ച് പ്രാർത്ഥനാദി നിത്യകർമ്മങ്ങൾ ചെയ്ത് എത്തിയപ്പോഴേക്കും ദേവകിയമ്മ പ്രാതഃഭക്ഷണം ശരിയാക്കി മേശപ്പുറത്ത് വെച്ചു. കുട്ടികളും കുളിയും ജപവും കഴിഞ്ഞെത്തി എല്ലാവരും മേശക്കുചുറ്റുമിരുന്ന് തമാശകൾ പറഞ്ഞും ചിരിച്ചും പ്രസന്നചിത്തരായി ലഘുഭക്ഷണം കഴിച്ച് കൈകഴുകി ഡ്രസ്സ് ചെയ്ത് പുറപ്പെട്ടു. കുട്ടികൾക്ക് സ്കൂൾ ഉണ്ടായിരുന്നതുകൊണ്ട് അവർ കൂടെപോയില്ല. പത്മനാഭൻ നായർ കാർ സ്റ്റാർട്ട് ചെയ്ത് പാച്ചൻ ദേവകിയമ്മയോട് യാത്രാനുമതി വാങ്ങി കാറിൽകയറി.

"ന്നാൽ ഉച്ചക്ക് ട്ടോ....." മാതാപിതാക്കളുടെ കാൽതൊട്ട് വന്ദിച്ച് സ്കൂൾ ബസ്സിൽ കയറി കൈവീശി മാതാപിതാക്കളും സമ്മതം മൂളലെന്നോണം കൈവീശി അവരെ യാത്രയാക്കി. ഗൃഹനാഥൻ പിന്നീട് ഇടത്തെ കൈ സ്റ്റിയറിംഗിൽ വെച്ച് വലതു കൈകൊണ്ട് സഹധർമ്മിണിക്കുനേരെയും കൈവീശി അവരങ്ങോട്ടും കൈവീശിചിരിച്ചുകൊണ്ട് പതിദേവനേയും അയൽക്കാരനേയും യാത്രയാക്കി കാർ ഗെയ്റ്റ് കടന്ന് മറയും വരെ നോക്കി നിന്നു.

കാർ ഗെയ്റ്റ് കടന്നു. വൃത്തിയായ റോഡ്, യൂറോപ്യൻ എൻജിനീയറിംഗിന്റെ പ്രതീകങ്ങളായ വീടുകൾ. ഇവ ഭാരതീയ തച്ചു ശാസ്ത്രത്തിനും പരിതസ്ഥിതിക്കും അനുസൃതമായല്ല കാണപ്പെടുന്നത്. ഭാരതീയ സംസ്കാരവും തജ്ജന്യസഭ്യതയും ആദ്ധ്യാത്മികവും ഭൗതികവും ദൈവികവും മൂന്നും കൂട്ടിച്ചേർന്നതും ഒന്ന് മറ്റേതിനെ പൂരിപ്പിക്കുന്നതുമാകുന്നു. അതായത് ദ്യൗ-ബഹിരാകാശം, അന്തരിക്ഷം, പൃഥിവി എന്നിവയുടെ ഗുണസമ്മിശ്രണമാകുന്നുവെന്നർത്ഥം. എന്നാൽ പാശ്ചാത്യ എൻജീനിയറിംഗിൽ ഒന്നുമാത്രമേയുള്ളൂ. ഭൗതികം മാത്രം. ആർഭാടപ്രതീകങ്ങളായ കെട്ടിടങ്ങളാണ് തൊണ്ണൂറു ശതമാനവും. എങ്കിലും ഒന്നുണ്ട്. നല്ല വൈജ്ഞാനികതയുണ്ട്. വൃത്തിയുള്ളവയും വായുസഞ്ചാരമുള്ളവയും വെളിച്ചം കിട്ടുന്നവയുമാണ് അവ.

(തുടരും)

യന്തി പ്രമാദമതന്ദ്രാഃ (സാമം 721)
ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

**പ്രമാണവിപര്യയവികൽപ്പനിദ്രാസ്മൃതയഃ II 6 II**

**സൂത്രാർത്ഥം :** പ്രമാണം, വിപര്യയം, വികല്പം, നിദ്ര, സ്മൃതി എന്നിവ അഞ്ചു പ്രകാരത്തിലുള്ള വൃത്തികളാണ്. ഇവയുടെ ലക്ഷണങ്ങൾ അടുത്ത സൂത്രത്തിൽ പറയുന്നതാണ്.

**യോ.പ്ര :** യോഗദർശനം അഞ്ചുവൃത്തികളെയാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിൽ നിന്ന് മനസ്സിലാവുന്നത് യോഗദർശനകാരൻ അഞ്ചുവൃത്തികളെ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത് എന്നാണ്. കൂടുതലോ കുറവോ ഇല്ല. ഈ അഞ്ചു വൃത്തികളുടെ പേരും ലക്ഷണങ്ങളും നല്ല പ്രകാരത്തിൽ മനസ്സിലാക്കി സാധകൻ ഇവയെ തടയുന്നതിൽ സമർത്ഥനാവുന്നു. യോഗാഭ്യാസ സമയത്ത് എപ്പോഴാണ് ഒരാൾ അശ്രദ്ധമൂലം ഇവയിൽ ഏതെങ്കിലും ഒരു വൃത്തിയെ സ്വീകരിക്കുന്നത് അപ്പോൾ ഉടൻ അയാൾക്ക് ഒരു പ്രത്യേക വൃത്തിയെ സ്വീകരിച്ചുവെന്ന കാര്യം പെട്ടെന്ന് മനസ്സിലാകുന്നു. വൃത്തിയുടെ സ്വരൂപത്തിന്റെ ജ്ഞാനമുണ്ടാകുമ്പോൾ അയാൾ ആ വൃത്തിയുടെ കാരണത്തിന്റെ ഗവേഷണം നടത്തുന്നു. ഈ ഗവേഷണത്തിൽ നിന്ന് വൃത്തിയെ സ്വീകരിക്കുന്നതിൽ താൻ (ആത്മാവ്) ഒരു മുഖ്യകാരണമാണെന്ന് മനസ്സിലാക്കുന്നു.

ഇവിടെ ഒരു കാര്യമറിയേണ്ടതുണ്ട്. ഗംഭീരമായ രോഗമോ ആഘാതമോ ഉണ്ടാകുന്ന സ്ഥിതിയിൽ വ്യക്തികളെ ഉണർത്തുന്നതിന് അത് ഗൗണകാരണമായിത്തീരുന്നു.

ചിലപ്പോൾ ഒരു യോഗാഭ്യാസിക്ക് ഉപാസനാകാലത്ത് തന്റെ സമസ്ത വൃത്തികളും നിലച്ചുപോയതായി ഒരു ഭ്രമം തോന്നാം. ഒന്നു ശ്രദ്ധിച്ചു നോക്കിയാൽ ധ്യാനിക്കുന്ന സമയത്ത് വൃത്തികൾ നിന്നുപോകുന്നില്ല. വൃത്തികളുടെ പേരും ലക്ഷണവും ശരിയായി അറിയാത്തതിനാലാണ് ഈ ഭ്രമമുണ്ടാവാനുള്ള മുഖ്യകാരണം. ധ്യാനം ചെയ്യുമ്പോൾ വ്യക്തിക്ക് ഉറക്കം വരാം. അപ്പോൾ വൃത്തികളുടെ സ്വരൂപത്തിന്റെ ധ്യാനം ഇല്ലാത്തതിനാൽ ആ അവസ്ഥയിൽ വൃത്തികളുടെ നിരോധനമാണ് എന്നു കരുതുന്നു. എപ്പോഴാണ് യോഗാഭ്യാസം ചെയ്യുന്നത് അപ്പോൾ വൃത്തികൾ കാരണം തടസ്സം വരികയാണെങ്കിൽ വൃത്തികളുടെ സ്വരൂപത്തെക്കുറിച്ച് ജ്ഞാനമുണ്ടാകുമ്പോൾ യോഗിക്ക് ഏതു വൃത്തികൾ മൂലമാണ് തടസ്സങ്ങളുണ്ടാകുന്നത് എന്ന് മനസ്സിലാകുന്നു. (തുടരും)

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)

ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## തൃതീയപ്രകരണം (തുടർച്ച....)

6. ആർധധാതുകേ (2.4.35) ഈ സൂത്രത്തിന്റെ അധികാരം (2.4.57) വരെ പോവുന്നു.

7. പ്രത്യയഃ (3.1.1) എന്നതിന്റെ അധികാരം അഞ്ചാമത്തെ അധ്യായത്തിന്റെ അവസാനം വരെ പോവുന്നു.

8. പരശ്ച (3.1.2) ഈ സൂത്രത്തിന്റെയും അധികാരം അഞ്ചാമത്തെ അധ്യായത്തിന്റെ അവസാനം വരെ പോവുന്നു.

9. ധാതോഃ (3.1.91) എന്ന സൂത്രത്തിന്റെ അധികാരം (3.4.117) വരെ പോവുന്നു.

10. കൃത്യാഃ (3.1.95) ഈ സൂത്രത്തിന്റെ അധികാരം (3.1.133) വരെ പോവുന്നു.

11. ങ്യാപ്പ്രാതിപദികാത് (4.1.1) എന്നതിന്റെ അധികാരം അഞ്ചാമത്തെ അധ്യായത്തിന്റെ അവസാനം വരെ പോവുന്നു.

12. തദ്ധിതാഃ (4.1.76) എന്ന സൂത്രത്തിന്റെ അധികാരം (5.4.160) വരെ പോവുന്നു.

13. സമാസാന്താഃ (5.4.68) എന്നതിന്റേയും അധികാരം (5.4.160) വരെ പോവുന്നു.

14. സംഹിതയാമ് (6.1.70) എന്നതിന്റെ അധികാരം (6.1.152) വരെ പോവുന്നു.

15. അങ്ഗസ്യ (6.4.1) എന്ന സൂത്രത്തിന്റെ അധികാരം ഏഴാമധ്യായത്തിന്റെ അവസാനം വരെ പോവുന്നു.

16. ആർധധാതുകേ (6.4.46) എന്നതിന്റെ അധികാരം (6.4.69) വരെ പോവുന്നു.

17. പദസ്യ (8.1.16) എന്നതിന്റെ അധികാരം (8.4.54) വരെ പോവുന്നു.

18. പദാത് (8.1.17) എന്നതിന്റെ അധികാരം (8.169) വരെ പോവുന്നു.

19. പൂർവ്വത്രാസിദ്ധമ് (8.2.1) എന്ന സൂത്രത്തിന്റെ അധികാരം അഷ്ടാധ്യായിയുടെ അവസാനം വരെ പോവുന്നു.


20. അപദാന്തസ്യ മൂർദ്ധന്യഃ (8.3.55) എന്നതിന്റെ അധികാരം (8.3.116) വരെ പോവുന്നു.

॥ ഇതി സംക്ഷിപ്താധികാര- സൂത്ര-നിർദ്ദേശനമ് ॥

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# ഗോകരുണാനിധി

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

**അങ്ങനെ ഇവർ മോശംകാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കട്ടെ**

**ഹിംസകനും രക്ഷകനും തമ്മിലുള്ള സംവാദം**

**ഹിംസകൻ :** "ഈശ്വരൻ പശു തുടങ്ങിയവയെ സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യനു വേണ്ടിയാണ്. മനുഷ്യനെ ഈശ്വരന്റെ ഭജനത്തിനായും അതിനാൽ മാംസം ഭക്ഷിക്കുന്നത് ഒരു ദോഷവുമില്ല."

**രക്ഷകൻ :** "സഹോദരാ, കേട്ടാലും! നിന്റെ ശരീരം സൃഷ്ടിച്ച അതേ ഈശ്വരൻ തന്നെയല്ലേ പശു തുടങ്ങിയ മൃഗങ്ങളുടെ ശരീരവും സൃഷ്ടിച്ചത്? നിനക്ക് ഭക്ഷിക്കാനായി ആണ് പശു തുടങ്ങിയവയെ സൃഷ്ടിച്ചെതെന്ന് പറയുക യാണെങ്കിൽ ക്രൂരമൃഗങ്ങൾക്ക് ഭക്ഷണത്തിനായി ആണ് നിന്നെ രചിച്ചത് എന്നു പറഞ്ഞുകൂടെ? എപ്രകാരമാണോ നിന്റെ മനസ്സ് മാംസം ഭക്ഷിക്കുന്നതിൽ ആസക്തമാവുന്നത് അതേപോലെ സിംഹം, കഴുകൻ മുതലായവയുടെ ചിത്തവും നിന്റെ മാംസം കഴിക്കുന്നതിൽ തൽപരമാവുന്നു. അപ്പോൾ നിന്നേയും അവരുടെ ഭക്ഷണത്തിനായി സൃഷ്ടിച്ചതല്ലേ?"

**ഹിംസകൻ:** "ഈശ്വരൻ മനുഷ്യരുടെ ദന്തനിരകളും മറ്റും മാംസഭുക്കുകളായ മൃഗങ്ങളുടേതുപോലാണ് സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ മനുഷ്യർ മാംസംകഴിക്കുന്നത് ഉചിതമാണെന്ന് നാം കരുതുന്നു"

**രക്ഷകൻ :** "വ്യാഘ്രം തുടങ്ങിയ മൃഗങ്ങൾക്ക് സമാനമാണ് തന്റെ പല്ലുകൾ എന്നും മറ്റും പറഞ്ഞ് ന്യായീകരിക്കുന്ന നീ അവയ്ക്ക് തുല്ല്യനാണോ? നിനക്ക് രണ്ടുകാലും അവക്ക് നാലുകാലുകളുമാണ് ഉള്ളത്. നിനക്ക് വിദ്യപഠിച്ച് സത്യാസത്യവിവേകം നേടാൻ സാധിക്കും. എന്നാൽ അവക്ക് അതിനുകഴിവില്ല മാത്രമല്ല, നീ പറഞ്ഞ ദൃഷ്ടാന്തം ശരിയുമല്ല. പല്ലുകളുടെ ദൃഷ്ടാന്തം പറയുമ്പോൾ കുരങ്ങന്റെ പല്ലിന്റെ ഘടനയെക്കുറിച്ച് പറയാത്തതെന്താണ്? നോക്കിയാലും! കുരങ്ങന്റെ പല്ല് സിംഹത്തിന്റേയും പൂച്ചയുടേയും പല്ലുകൾക്കു സമാനമാണ് എന്നാൽ കുരങ്ങൻ മാംസം ഭക്ഷിക്കുകയില്ല. മനുഷ്യന്റെയും കുരങ്ങന്റെയും ആകൃതിയും വളരെയധികം സാമ്യമായതാണ്.

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)

ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !

(മുൻ ലക്കത്തിന്റെ തുടർച്ച)



# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ

തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 1

"നീ ഹിന്ദുവാണ് എങ്കിലും തൊട്ടുകൂടാനാത്തവനാണ് നിനക്ക് ഈ വഴി യാത്ര ചെയ്യാനാവില്ല. അതിനാൽ നീ മുസൽമാനായിത്തീരൂ....... എങ്കിൽ നീ ഈ കുളത്തിൽ നിന്ന് വെള്ളമെടുത്താൽപോലും ആരുമൊന്നും പറയില്ല. നീ മുസ്ലീമായിത്തീർന്നാലും."

ചിന്തകളിലാണ്ടിരിക്കുകയായിരുന്ന ആ തീയ്യയുവാവ് മൗലവിയുടെ സംസാരം കേട്ട് സന്തപ്ത ഹൃദയനായി പറഞ്ഞു. "എന്റെ മകൻ ഒരുപക്ഷേ നല്ലവനായിരിക്കില്ല മരണം സംഭവിച്ചുവെന്നു വരാം. എന്നിരുന്നാലും ഞാൻ മുസൽമാനാവില്ല ബ്രാഹ്മണർ തുടങ്ങിയ ഈ ഹിന്ദുക്കളുടെ നിർദയ പെരുമാറ്റങ്ങളെ എങ്ങിനെ നേരിടണമെന്ന് എന്റെ ചിന്തയുടെ വിഷയമാണ്. താങ്കൾക്കിതിലൊന്നും ചെയ്യാനില്ല. എന്റെ പ്രാർത്ഥന കേട്ട് ഈറൻ വസ്ത്രവുമായി വൈദ്യരുടെ അടുത്തേക്ക് ഓടിപ്പോയ ദയാലുവായ മനുഷ്യനും ബ്രാഹ്മണൻ ആണ്."

മൗലവി നിരാശ പൂണ്ട് ക്രുദ്ധനായിപറഞ്ഞു. "ചണ്ഡാളനായ കാഫിറെ! 'സുർത്തുൾ ബയ്യൻ' എന്ന അധ്യായനത്തിൽ അള്ളാഹു വിഗ്രഹാരാധകർക്ക് നൽകാൻ പറഞ്ഞ ശിക്ഷ നിനക്ക് ലഭിക്കും. നരകാഗ്നിയിൽ കിടക്കാനാണ് നിന്റെ യോഗം. നിന്റെ പുത്രൻ എന്നു നീ പറഞ്ഞുവല്ലോ! ദൈവം കാഫിർമാർക്ക് നൽകിയ വ്യവസ്ഥയാണിത്. കഴുത്തിനു മുകളിൽ വാൾ വരുന്നതുവരെ നീ ഖുറാൻ സ്വീകരിക്കില്ല. ഓർത്തോ..... ആ ദിവസവും അധികം ദൂരെയല്ല" കൈകൾക്കൂട്ടിത്തിരുമ്മി ശപിച്ചുകൊണ്ട് മൗലവി അവിടെ നിന്ന് പോയി.

മരുന്നു കൊണ്ടുവരാൻ പോയ ബ്രാഹ്മണനും ഇതിനിടെ മടങ്ങിയെത്തി. അദ്ദേഹത്തൊടൊപ്പം നായർ വൈദ്യനും വന്നു.

കബ്ബു എന്ന തീയ്യൻ അസ്പൃശ്യ ജാതിയിൽ ജനിച്ചവനാണെങ്കിലും അയാൾ വിദ്യാഭ്യാസം നേടിയവനാണ്. കോഴിക്കോട് നിന്ന് പ്രസീദ്ധീകരിക്കുന്ന ഒരു മലയാളം വാരികയും അയാൾ നടത്തുന്നുണ്ടായിരുന്നു. അയാൾ മലയാളം, ഇംഗ്ലീഷ് ഗ്രന്ഥങ്ങളുടെ സഹായത്താൽ ഹിന്ദുധർമ്മത്തെക്കുറിച്ച് പഠിച്ചിരുന്നു. കൂടാതെ അല്പസ്വൽപം സംസ്കൃതവും അയാൾ മനസ്സിലാക്കിയിരുന്നു. ഭഗവത് ഗീതയും അയാൾ വായിക്കുമായിരുന്നു.

സംസ്കൃതത്തെ മാതൃഭാഷക്ക് സമാനം അനായസമായി സംസാരിക്കുന്ന അനേകം ബ്രാഹമ്ണകുടുംബങ്ങൾ ഇന്നും മലബാറിൽ ഉണ്ട്. മാത്രമല്ല, ഇരുന്നൂറോളം സംസ്കൃത ശ്ലോകങ്ങൾ കണ്ഠസ്ഥമായ തീയ്യന്മാരും മലബാറിൽ താമസിക്കുന്നുണ്ട്. എന്തിനേറെ പറയുന്നു അക്ഷരാഭ്യാസമില്ലാത്ത മുസൽ മാൻമാർക്കുപോലും ഭർതൃഹരിയുടെ തെരഞ്ഞെടുക്കപ്പെട്ട ശ്ലോകങ്ങൾ അറിയാം.

(തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(മുൻലക്കത്തിന്റെ തുടർച്ച)



# ഹിന്ദുസംഘടന എന്തുകൊണ്ട്? എങ്ങനെ?

സ്വാമി ശ്രദ്ധാനന്ദൻ
തർജ്ജമ : കെ. എം. രാജൻ

## ഒന്നാം പതിപ്പിന്റെ ആമുഖം (തുടർച്ച)

**ശാ**രീരിക വളർച്ച പൂർണ്ണമായതിനുശേഷമാണ് രാജശ്രീയുടെ പരിണയം നടന്നത്. വിവാഹദിനത്തിൽ തന്നെ പൂർണ്ണസംസ്കാരങ്ങളും കഴിഞ്ഞിരുന്നു. ബാണനും മയൂരന്റെ യുവതിയായ സഹോദരിയെ വിവാഹം കഴിച്ചു. പുരാതന ഭാരതത്തേയും ആധുനിക ഭാരതത്തേയും വേർതിരിച്ചു നിർത്തുന്ന കണ്ണിയായിരുന്നു ഹർഷന്റെ കാലം എന്തെന്നാൽ അതിനുശേഷം ക്രമേണ ബാലവിവാഹങ്ങൾ ആരംഭിച്ചതായി കാണാവുന്നതാണ്. (വൈദ്യ 94.95)

വർണ വ്യവസ്ഥ പിന്നീട് കണ്ടപോലെ അക്കാലത്ത് അത്ര കർശനമായിരുന്നില്ല എന്ന് വൈദ്യയുടെ 'മധ്യകാലീന ഹിന്ദു ഇന്ത്യ. എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിൽ പറയുന്നു. "ജാതിവ്യവസ്ഥ അപ്പോഴും അത്രകർക്കശമായിരുന്നില്ല. ഉന്നതവിഭാഗങ്ങളിൽപെട്ടവർ താഴ്ന്ന വിഭാഗങ്ങളിൽപെട്ടവരുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്നു. ഇവരുടെ സന്താനങ്ങളുടെ വർണത്തിന് ഒന്നും സംഭവിച്ചിരുന്നില്ല. ഹ്യൂയാങ്സാങ്ങ് (Hiuen Tsang) എഴുതുന്നു. ഹർഷന്റെ മകളെ വിവാഹം കഴിച്ചത് ധ്രുവഭട്ടനായിരുന്നു. ആദ്യത്തേത് വൈശ്യനും രണ്ടാമത്തേ ആൾ ക്ഷത്രിയനും ആയിരുന്നു. ബാണൻ എഴുതുന്നത് ഹർഷന്റെ സഹോദരി കനൗജിലെ മൗഖരി ഗ്രഹവർമ്മനെയാണ് വിവാഹം ചെയ്തത് എന്നാണ്. ഹർഷന്റെ കുടുംബനാമം വർധനൻ അഥവ ഭൂതി എന്ന പേരിലാണ് അവസാനിച്ചിരുന്നത്. അത് വൈശ്യവർണ്ണത്തിന്റെ നാമത്തിന്റെ സൂചനയായിരുന്നു. മൗഖരിമാരുടെ നാമം വർമ്മൻ എന്ന ശബ്ദത്താലാണ് അവസാനിച്ചിരുന്നത്. അതിൽ നിന്നും അവർ ക്ഷത്രീയരായിരുന്നുവെന്നു കണക്കാക്കാം. ഉന്നതവർണ്ണത്തിൽപെട്ടവർ താഴ്ന്ന വർണ്ണത്തിലെ പെൺകുട്ടികളെ വിവാഹം കഴിക്കുമായിരുന്നു. എന്നാൽ അനുലോമ വിവാഹങ്ങൾ സാധാരണ രീതിയിൽ ഒരു ശ്രേണിക്ക് താഴേയുള്ളവരുമായാണ് നടന്നിരുന്നത്. എന്നാൽ അപൂർവ്വമായി ഒന്നോ രണ്ടോ ശ്രേണികൾക്ക് താഴേക്കും വിവാഹങ്ങൾ നടന്നിരുന്നു. ബാണൻ പറയുന്നു. തനിക്ക് രണ്ടു പരസ്വ സഹോദരങ്ങൾ (ശൂദ്ര സ്ത്രീയിൽ ബ്രാഹ്മണനുണ്ടാകുന്ന പുത്രൻ) ഉണ്ടായിരുന്നുവെന്ന് " (പേജ് 61,62) (തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)

ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ഋഗ്വേദത്തിന്റെ ഋക് സംഖ്യ

പണ്ഡിറ്റ് യുധിഷ്ഠിർ മീമാംസക്
തർജ്ജമ : കെ.എം. രാജൻ

ഇവക്ക് പുറമെ 17 നിത്യദ്വിപദകളുടെ വിവരണം ഉപലേഖസൂത്രത്തിൽ (വർഷം 6.1-2) ലഭ്യമാണ്. ഇപ്രകാരം ഋഗ്വേദത്തിൽ ആകെ 17+140 = 157 നിത്യ നൈമിത്തിക ദ്വിപദാ ഋചകൾ ഉണ്ട്. കാത്യായനാചാര്യൻ തന്റെ ഋക്സർവാനുക്രമണികയിൽ ഓരോ സൂക്തത്തിനും എഴുതിയ ഋക്സംഖ്യയിൽ ഈ 140 നൈമിത്തിക ദ്വിപദകളേയും ദ്വിപദകളായി തന്നെയാണ് കണക്കാക്കിയിരിക്കുന്നത് എന്നകാര്യം നേരത്തെ പറഞ്ഞിട്ടുണ്ട്.


**മാക്സ്മുള്ളറുടെ കാഴ്ചപ്പാടിലെ ദ്വിപദാ ഋചകൾ**

മാക്സ്മുള്ളർ വിക്രമസംവത്സരം 1930 ൽ (ക്രി.വ.1873) മൂല ഋഗ്വേദത്തിന്റെ ഒന്നാം പതിപ്പ് പുറത്തിറക്കി. വാസ്തവത്തിൽ ഈ പതിപ്പ് അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെ ഫലമാണ്. മികച്ച സമ്പാദക കലയുള്ളവരിൽ നിന്ന് ഇത് മറച്ചു വെയ്ക്കാനാവില്ല. ഇങ്ങനെയൊക്കെയാണെങ്കിലും മാക്സ്മുള്ളറുടെ ഋഗ്വേദഭാഷ്യത്തിൽ ഏതാനും കടുത്ത അപാകതകൾ വന്നിട്ടുണ്ട്. അവയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നൈമിത്തിക ദ്വിപദകളുടെ പ്രകാശനത്തിലാണ്. തന്മൂലം പിന്നീട് വന്ന പണ്ഡിതർ ഇതിലും കൂടുതൽ തെറ്റുകൾ വരുത്തിയിട്ടുണ്ട്.

മാക്സ്മുള്ളർ തന്റെ ഋഗ്വേദപ്രകാശനത്തിൽ ഒന്നാം മണ്ഡലം 65 മുതൽ 70 വരെയുള്ള 60 നൈമിത്തിക ദ്വിപദാഋചകളെ 30 ചതുഷ്പദാ ഋചകളായി കണക്കാക്കിയാണ് അച്ചടിച്ചിരിക്കുന്നത്. കൂടാതെ എല്ലാ ചതുഷ്പദാ ഋചകളുടെ മന്ത്രസംഖ്യയും നൽകിയിട്ടുണ്ട് (മാക്സ്മുള്ളറാൽ തയ്യാറാക്കപ്പെട്ട ഋഗ്വേദത്തിന്റെ സായണഭാഷ്യത്തിന്റെ രണ്ടാം പതിപ്പിൽ (ക്രി.വ.1890) ഓരോ ചതുഷ്പദാ ഋചകളുടേയും മുമ്പിൽ അതിന്റെ ഇരട്ടി സംഖ്യ (1,2,3,4,5,6 തുടങ്ങിയവ) ലഭ്യമാണ്. അത് ശരിയാണ്. സായണഭാഷ്യത്തിന്റെ ഒന്നാം പതിപ്പിൽ മന്ത്രസംഖ്യ എപ്രകാരമാണ് പ്രസിദ്ധീകരിച്ചത് എന്ന കാര്യം എനിക്കറിയില്ല. എന്തെന്നാൽ അതു പരിശോധിക്കാൻ എനിക്ക് ലഭ്യമായിട്ടില്ല)

അഞ്ചാം മണ്ഡലത്തിലെ ഇരുപത്തിനാലാം സൂക്തത്തിലെ നാലു ദ്വിപദാഋചകളെ ഈ രണ്ട് ചുതുഷ്പദാ ഋചകളായി കണക്കാക്കിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. (തുടരും)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



# ദേശീയ വിദ്യാഭ്യാസനയം : എന്ത്? എന്തിന്? എങ്ങനെ?

അഖിലേഷ്. ബി.എസ്

ഇതിൽ അടിസ്ഥാനഘട്ടമായ 3-8 വയസ്സിൽ മൂന്ന് വർഷത്തെ അംഗൻവാടി, രണ്ട് വർഷത്തെ പ്രൈമറി സ്കൂൾ എന്നിങ്ങനെയും, 8 -11 വയസ്സിലുള്ളവരെ (മൂന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ്സ് വരെ) Preparatory stage എന്നും 11-14 വയസ്സിൽ (ആറാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ) ഉള്ളവരെ Middle stage എന്നും 14-18 വയസ്സിൽ(ഒമ്പതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ) ഉള്ളവരെ secondary stage എന്നും തിരിച്ചിരിക്കുന്നു. Preparatory stage ലെ മൂന്ന് വർഷങ്ങളിൽ കളികൾ, കണ്ടുപിടുത്തങ്ങൾ, പ്രവൃത്തിപരിചയം തുടങ്ങിയവയ്ക്ക് പുറമെ ലളിതമായ പുസ്തകങ്ങൾ പഠിക്കുക, കൂടുതലായി അധ്യാപകരോടും മറ്റ് വിദ്യാർത്ഥികളോടും ഓരോ വിഷയത്തെക്കുറിച്ചും സംവദിക്കുക എന്നിവ വഴി എഴുത്ത്, വായന, ശാരീരികക്ഷമത, കല, ഭാഷ, ശാസ്ത്രം, ഗണിതം എന്നിവയിൽ ഉറച്ച അടിസ്ഥാനം വിവരം രൂപീകരിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

Middle stage ലെ മൂന്ന് വർഷങ്ങളിൽ ഓരോ വിഷയങ്ങളും കൈകാര്യം ചെയ്യാൻ പ്രത്യേകം അധ്യാപകർ ഉണ്ടാകും. ശാസ്ത്രം, ഗണിതം, കല, സാമൂഹ്യ ശാസ്ത്രം തുടങ്ങിയവയിൽ കൂടുതൽ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുന്നു. വിവിധ വിഷയങ്ങൾ തമ്മിലുള്ള ബന്ധം, പരീക്ഷണാത്മകമായ പഠനം എന്നിവ ഈ ഘട്ടത്തിൽ കൂടുതൽ പ്രാധാന്യത്തോടെ നൽകുന്നു. മൂന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കാലഘട്ടത്തിൽ എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തുക, കണക്ക്കൂട്ടലുകൾ നടത്തുക, യുക്തിസഹമായി ചിന്തിക്കുക തുടങ്ങിയ കഴിവുകൾ വളർത്തുക മുതലായവയ്ക്ക് മുൻഗണന നൽകുന്നു.

Secondary stage ൽ നാല് വർഷങ്ങളായി അതായത് എട്ടുമുതൽ പന്ത്രണ്ട് ക്ലാസ്സ് വരെ വിദ്യാർത്ഥികൾക്ക് വ്യത്യസ്തങ്ങളായ വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം ഉണ്ടാകും. തിരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള പഠനമാണ് ഈ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. അതായത് ഐശ്ചിക വിഷയങ്ങൾ തിരഞ്ഞെടുത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള അവസരം ലഭിക്കുന്നു. എന്നാൽ പത്ത് കഴിഞ്ഞ് ഇപ്പോൾ ഉള്ളത് പോലെത്തന്നെ വേണമെങ്കിൽ മറ്റ് കോഴ്സുകൾ തെരഞ്ഞെടുത്ത് പോകാനുള്ള അവസരം നിലനിർത്തും. ചുരുക്കത്തിൽ പാഠ്യവിഷയങ്ങളുടെ അളവ് കുറയും. ആഴം കൂടും. മനപ്പാഠം പഠിച്ച് പരീക്ഷ ജയിക്കുക എന്നതിനേക്കാൾ ചിന്താശേഷി, യുക്തിബോധം, അപഗ്രഥനശേഷി, കലാബോധം, മൂല്യബോധം, രാജ്യസ്നേഹം എന്നിവയുള്ള പുതിയൊരു തലമുറയെ വാർത്തെടുക്കുക എന്നതാണ്

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.

പ്രധാനലക്ഷ്യം.

മാതൃഭാഷാപരിജ്ഞാനം, പഠനമാധ്യമഭാഷ, മറ്റ് ഭാഷകളിലുള്ള പരിചയം, സംസ്കൃതഭാഷക്കുള്ള പ്രാധാന്യം, അധ്യാപകരുടെ Recruitment, പരിശീലനം, കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം തുടങ്ങി മറ്റുമേഖലകളിലും സമഗ്രമായ മാറ്റം ഈ നയം മുന്നോട്ട് വയ്ക്കുന്നു. അത് മറ്റൊരവസരത്തിൽ ചർച്ച ചെയ്യാം.

(അവസാനിച്ചു)


# ओ३म्

## കേരളീയ വൈദിക പഞ്ചാംഗം

കലിവർഷം 5123 – ഇംഗ്ലീഷ് 2021 – 22 കൊല്ലം ആണ്ട് 1196 – 97

സംവത്സരം : ആനന്ദ (വിജയാദി), പ്ലവ (പ്രഭവാദി)

വിക്രമാബ്ദം 2078 ശകസംവത്സരം 1943

**ഇക്കാലത്തു ഏറെ പ്രചാരത്തിലുള്ള നിരയന പദ്ധതി പ്രകാരമുള്ള പഞ്ചാംഗങ്ങളിൽ ഉള്ള ഗുരുതരമായ പിഴവുകൾ ഒഴിവാക്കി ശാസ്ത്രീയമായി തയ്യാറാക്കിയ വൈദിക വിധി പ്രകാരമുള്ള കേരളീയ പഞ്ചാംഗം.**

**വില 100 /- രൂപ മാത്രം (പോസ്റ്റൽ ചാർജ്ജ് പുറമെ).**

**ബന്ധപ്പെടുക: 790707789, 9562529095, 9207385073**

പ്രസാധകൻ : കെ.എം. രാജൻ, ആര്യപ്രചാരക് & അധിഷ്ഠാതാവ്, വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം, കാറൽമണ്ണ പി.ഒ., പാലക്കാട് - 679506, കേരളം. Phone:7907 077 891, 9562 529 095, 9446 017 440

Email:vedagurukulamkerala@gmail.com Web:www.arysamajkerala.org.in


സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)

ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

*(Cont'd from last issue)*



# Dayananda The Great

Ved Mitra

## Chapter -II
## DAYANANDA - AS A PREACHER

**No**, Soul, However great he may be, can ever take the place of God beacause the soul is alwatys possessed of finite knowledge and god is All - knowledge and knowledge - Absolute. Can any soul however realised he may be create the world? Can he create the sun, the moon, the earth and stars? No. Why, then, all these absurd argumentations about Rama and Krishna as God? Soul always remains soul and God always remains God.

Thus, Dayananda brought back in Hinduism, its primitive element and glory. This is the reason why Dayananda can be placed in a class by himself.

## Chapter -III
## DAYANANDA - AS A PHILOSOPHER

Dayananda as philosopher was the only one without the second. His name will remain immortal and his position undisputed till the cosmic - dissoulution (Pralaya) because he talked the very basis of philosphy. The three eternal elements. God, Matter and Soul. And so, his philosphy straight ways starts with these three eternal elements. He says, if you propely understand the nature and attributes of these three eternals no phillospher can entangle you in his clutches of wrong philosphy. He desecribes god, soul and Matter in the following manner:

**Nature and attributes of God :** God is Sachidanannda' means Existence - Absolute, knowledge - Absolute and Bliss - Absolute. He is bodiless and deathless. He is all - Pervading and All - supporting. He is Omnipresent, Omniscients and Omnipotent. He is the creator, sustainer and dissolver of the univesre He is Nirakara - Formless and the Creator of this universe.

**Nature and attributes of Matter (Prakriti) :** The Soul is possessed of finite knowledge. He is having desire. aversion, volition, pleasure and pain. He comes in birth and death; He is enjoyer of the fruits of his actions.

(To be continued)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലം 5-ാം വാർഷികാഘോഷം

**കാറൽമണ്ണ വേദഗുരുകുലത്തിന്റെ അഞ്ചാം വാർഷികാഘോഷം സ്വാമി ശ്രദ്ധാനന്ദന്റെ രക്തസാക്ഷിദിനമായ ഡിസംബർ 23ന് (ബുധനാഴ്ച) കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിവിധ പരിപാടികളോടെ ആഘോഷിച്ചു. വേദഗുരുകുലം കുലപതി പണ്ഡിതരത്നം ഡോ. പി.കെ മാധവന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബഹു. സിക്കിം ഗവർണർ ശ്രീ. ഗംഗാപ്രസാദ് സത്യാർത്ഥപ്രകാശത്തെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര തലത്തിൽ 2020 നവംബർ 29ന് നടത്തിയ ഓൺലൈൻ പരീക്ഷയിലെ വിജയികൾക്ക് പുരസ്കാരദാനം വീഡിയോ കോൺഫറൻസിലൂടെ നടത്തി. 2020 ഒക്ടോബർ 11ന് സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ വേദപ്രകാശം പരീക്ഷയിലെ വിജയികൾക്ക് ആര്യജഗത്തിലെ ഉന്നത സന്ന്യാസിശ്രേഷ്ഠനായ സ്വാമി ആശുതോഷ്ജി പരിവ്രാജക് പാരിതോഷികങ്ങൾ വിതരണം ചെയ്തു. കാറൽമണ്ണ വേദഗുരുകുലം തയ്യാറാക്കിയ കേരളീയ വൈദിക പഞ്ചാംഗത്തിന്റെ പ്രകാശനവും സ്വാമിജി നിർവ്വഹിച്ചു.** ഓൺലൈനായി നടന്ന ചടങ്ങിൽ ശ്രീ. വിശ്രുത് ആര്യ (ജനറൽ സെക്രട്ടറി, ആര്യപ്രതിനിധി സഭ, അമേരിക്ക), ഹരിദേവ് രാംധോണി (അധ്യക്ഷൻ, ആര്യസഭ മൗറീഷ്യസ്)തുടങ്ങിയ വിദേശങ്ങളിൽ നിന്നുള്ള ആര്യനേതാക്കളും ആര്യസമാജം ദ്വാരക, സെക്ടർ 11 (ന്യൂഡൽഹി) ന്റെ ഉപാദ്ധ്യക്ഷനായ ഡോ. ആനന്ദ് കുമാർ ശർമ്മ, തുടങ്ങിയവരും ശ്രീ ബലേശ്വർ മുനി, (ഡൽഹി) ശ്രീ. വിജയ്സിങ് ഗഹ്ലോട്ട് (ഋഷി ഉദ്യാൻ, അജ്മേർ), ശ്രീ. എസ്.പി കുമാർ (ആര്യസമാജ്, മാറത്തല്ലി, ബാംഗ്ലൂരു) തുടങ്ങിയവരും സംബന്ധിച്ചു. ഡോ. ശശികുമാർ നെച്ചിയിൽ, വേദഗുരുകുലത്തിലെ ആചാര്യ വാമദേവ് ആര്യ, ചെർപ്പുളശ്ശേരി നഗരസഭാംഗങ്ങളായ ശ്രീമതി. കെ.രജനി, ശ്രീ. കെ.എം. ഇസഹാക്ക്, എന്നിവരും പങ്കെടുത്തു. ആര്യപ്രചാരകനും വേദഗുരുകുലം അധിഷ്ഠാതാവുമായ ശ്രീ. കെ.എം. രാജൻ സ്വാഗതവും, ശ്രീ.വി. ഗോവിന്ദദാസ് മാസ്റ്റർ നന്ദിയും പ്രകാശിപ്പിച്ചു. ബ്രഹ്മചാരികളുടെ വേദാലാപനം, സൂത്രപാഠാലാപനം തുടങ്ങിയവയും ഉണ്ടായിരുന്നു. ബ്രഹ്മചാരികളുടെ കലാപ്രകടനങ്ങളും ഇതോടൊപ്പം ഉണ്ടായിരുന്നു.







**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/01/2021*

*RNI NO. KERMAL/2013/53849*
*REGISTERED NO. OTTAPALAM/5/2020-23*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ -Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
6. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
7. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
8. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. സംശയനിവാരിണി -Rs. 200.00
   ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
10. വേദപ്രകാശം പാഠാവലി -കെ.എം.രാജൻ - Rs. 40.00
11. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) -കെ.എം.രാജൻ - Rs. 60.00
12. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
13. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
14. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
15. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
16. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
17. 1921 മാപ്പിള ലഹള -ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

(തപാൽ ചെലവ് പുറമെ)

**അച്ചടിയിലുള്ളവ**

1. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി, തർജ്ജമ : പി. നാരായണൻ
2. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
3. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9562529095**